**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - Central Regulation Zone പരിധിയിൽ വരുന്ന ഐ.എ.വൈ. വീടുകളുടെ തറ വിസ്തീർണ്ണം - മാനദണ്ഡം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം.392/13/തസ്വഭവ തിരുവനന്തപുരം, തീയതി, 26.12.2013

==========================================================================

പരാമർശം:
1. 28.05.2012 ലെ 41234/ഡിഡി1/11/തസ്വഭവ നമ്പർ സർക്കുലർ ഉത്തരവ്.
2. സ.ഉ.(സാധാ)നം.333/13/തസ്വഭവ തീയതി 06.02.2013.
3. 21.06.2013 ലെ സി.ആർ.ഡി യുടെ 9197/ജെ.ആർ.വൈ-1/13/സി.ആർ.ഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഐ.എ.വൈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനുള്ള തറ വിസ്തീർണ്ണം $25m^2$ നും $66m^2$ നും ഇടയിലായിരിക്കണം എന്ന് പരാമർശം 1, 2 മുഖേന നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. Coastal Regulation Zone പരിധിയിൽ താമസിക്കുന്ന ഇന്ദിരാ ആവാസ് യോജന ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവർക്ക് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണ അനുമതി ലഭിക്കുന്നത് പലപ്പോഴും, ഐ.എ.വൈ. മാനദണ്ഡങ്ങൾ പ്രകാരമുള്ള തറ വിസ്തീർണ്ണത്തിന്റെ കുറഞ്ഞ പരിധിയായി നിശ്ചയിച്ചിട്ടുള്ള 25 ചതുരശ്രമീറ്ററിനു താഴെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാനാണ്. ആയതിനാൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണെന്നും ആയതിനാൽ Coastal Regulation Zone - ൽ താമസിക്കുന്ന ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണാനുമതി ലഭിക്കുന്ന അതേ വിസ്തീർണ്ണത്തിൽ തന്നെ ഭവന നിർമ്മാണം

നടത്തുന്നതിന് അനുവദിക്കുന്നതിനുള്ള അനുമതി ഉണ്ടാകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം 3 മുഖേന ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും Coastal Regulation Zone ൽ താമസിക്കുന്ന ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും ഭവനനിർമ്മാണാനുമതി ലഭിക്കുന്ന അതേ വിസ്തീർണ്ണത്തിൽ തന്നെ ഭവന നിർമ്മാണം നടത്തുന്നത് അനുവദിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ